പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 411

26.06.2014-ൽ
മറുപടിയ്ക്ക്

കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി

| ചോദ്യം<br>ശ്രീ.വർക്കല കഹാർ<br>,, വി.പി.സജീന്ദ്രൻ<br>,, അൻവർ സാദത്ത് | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| എ) കയർ മെഷീനറി മാനുഫാക്ച്ചറിംഗ് കമ്പനി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ)കയർ വ്യവസായ മേഖലയിൽ ആവശ്യമായ മെഷിനറികൾ ഉൽപ്പാദിപ്പിക്കുന്നതിനായി, കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി രൂപീകരിച്ചിട്ടുണ്ട്. ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ള ഈ കമ്പനിയുടെ അംഗീകൃത മൂലധനം 25 കോടി രൂപയാണ്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കയർ മേഖലയ്ക്കാവശ്യമായ എല്ലാതരം മെഷിനറികളുടേയും ഡിസൈൻ, ഫാബ്രിക്കേഷൻ, ടെസ്റ്റിംഗ്, വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദനം, മെഷിനറികളുടെ വിൽപ്പനാനന്തര സേവനങ്ങൾ, മെഷിനറികളിലുള്ള പരിശീലനം എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| സി) കയർമേഖലയുടെ ആധുനികവൽക്കരണത്തിനും യന്ത്രവൽക്കരണത്തിനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത കമ്പനിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | സി) താഴെ പറയുന്ന കാര്യങ്ങൾ കമ്പനിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.<br>1) കയർ വ്യവസായ മേഖലയ്ക്കുവേണ്ടിയുള്ള മെഷിനറികൾ ഉണ്ടാക്കുന്നതിനുള്ള ഡിസൈനും ഫാബ്രിക്കേഷനും.<br>2) മെഷിനറികളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉത്പാദനം.<br>3) മെഷിനറികളുടെ വ്യാവസായികാടിസ്ഥാനത്തിലുള്ള ഉത്പാദനം. |

| | |
|---|---|
| | 4) മെഷിനറികളുടെ റിപ്പയർ, മോഡിഫിക്കേഷൻസ്.<br>5) മെഷിനറികളിലുള്ള പരിശീലനം.<br>6) മെഷിനറികൾ പ്രദർശിപ്പിക്കാനുള്ള സൗകര്യം.<br>7) മെഷിനറി അനുബന്ധ മേഖലകളിൽ പ്രചാരണാർത്ഥമുള്ള സെമിനാറുകളും പ രിശീലനങ്ങളും നടത്താനുള്ള പ രിപാടികൾ. |
| ഡി) ആരെല്ലാമാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | ഡി) ഈ കമ്പനി ഇപ്പോൾ സർക്കാർ ഉടമസ്ഥതയിലാണ് രൂപീകരിച്ചിരിക്കുന്നത്. കയർ വ്യവസായ മേഖലയിൽ യന്ത്രങ്ങൾ ഉപയോഗിക്കുന്ന എല്ലാ വിഭാഗങ്ങളും. പ്രത്യേകിച്ച് കയർ സഹകരണ സംഘങ്ങൾ, കയർഫെഡ്, കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോംമാറ്റിംഗ്സ് (ഇന്ത്യാ) ലിമിറ്റഡ്, കയർ മേഖലയിലുള്ള സ്വകാര്യ ഉത്പാദന യൂണിറ്റുകൾ മുതലായവയാണ് ഈ സ്ഥാപനവുമായി സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നത്. മാത്രവുമല്ല, നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഈ കമ്പനിയുമായി സഹകരിക്കുന്നു. |

സെക്ഷൻ ഓഫീസർ